പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2934 — 21.06.2013- ലെ മറുപടിക്ക്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) 2012-13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര; | (എ) 2012-13 സാമ്പത്തിക വർഷം 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 1054.22 കോടി രൂപയും, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 1122.38 കോടി രൂപയും അനുവദിച്ചിരുന്നു. |
| (ബി) ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; തുക ലാപ്സാകാനുള്ള കാരണം എന്തെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ആയതിൽ 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 765.74 കോടി രൂപയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 826.95 കോടി രൂപയും (താൽക്കാലിക കണക്ക് പ്രകാരം) ചെലവഴിച്ചു. ഇതിൽ 288.48 കോടി രൂപ 100% കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും 295.43 കോടി രൂപ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) 2013-14-ൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചു; 2013 മെയ് 31 വരെ എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ: | (സി) 2013-14-ൽ 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 1220.14 കോടി രൂപയും സംസ്ഥാനപദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 1423.06 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013 മെയ് 31 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 100% കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് 93.91 കോടി രൂപയും (8%) മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 34.73 കോടി രൂപ (2%) ചെലവഴിച്ചിട്ടുണ്ട്. |

(ഡി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുകയും പദ്ധതികളുടെ എണ്ണവും കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷം കഴിയുന്തോറും സംസ്ഥാനത്തിന് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം കുറയുന്നെങ്കിലും അനുവദിക്കുന്ന തുകയിൽ വർദ്ധനവ് കാണുന്നുണ്ട്.

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2012-13 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു; ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി ; വിശദമാക്കുമോ?

(ഇ)

| പദ്ധതിയുടെ പേര് | അനുവദിച്ച തുക (കോടിയിൽ) | | ചെലവഴിച്ച തുക |
|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | |
| മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1311.18 | 21.02 | 1411.99 |
| ഇന്ദിരാ ആവാസ് യോജന | 153.44 | 53.02 | 218.31 |
| പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന | - | - | 57.29* |

(* മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് ഉൾപ്പെടെ 175.68 കോടി രൂപ ലഭ്യമാണ്.)

തൻ വർഷം അവശേഷിക്കുന്ന തുക അടുത്ത സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുകയായി മാറ്റുന്നതിനാൽ തുക ലാപ്സാകുന്നില്ല.

Biju

സെക്ഷൻ ഓഫീസർ